4. ഭൂമി നിരപ്പാക്കുന്നതുമായി ബന്ധപ്പെട്ടും സ്റ്റോടനം സംബന്ധിച്ചുമുള്ള പ്രശ്നങ്ങളിൽ അതാത് സമയത്ത് ഇടപെടുന്നതിനും പരിഹരിക്കുന്നതിനുമായി പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ കൺവീനറായി തലശ്ശേരി തഹസീൽദാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. പ്രസ്തുത ജനകീയ കമ്മിറ്റി 14-2-2015 തീയതി യോഗം ചേരുകയും സംഭവവികാസങ്ങൾ വിലയിരുത്തുകയും താരതമ്യേന അപകട സാദ്ധ്യത കുറഞ്ഞ പ്രദേശങ്ങളിൽ സ്റ്റോടനം നടത്തി പണിതുടരാൻ തീരുമാനിക്കുകയും അതനുസരിച്ച് 27-2-2015-ന് സ്റ്റോടനം ആരംഭിക്കുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റി വീടുകളുടെ പരിശോധന നടത്തിക്കഴിയാറായിട്ടുണ്ട്.

അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച കരട് നയം

141 (146) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച കരട് നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര വ്യോമയാനമന്ത്രാലയത്തിൽ നിന്നും 2014 നവംബർ 10-ന് സംസ്ഥാന ഗവൺമെന്റിന് അയച്ച കത്തിന് സംസ്ഥാന ഗവൺമെന്റ് നല്കിയ പ്രതികരണം എന്തായിരുന്നു; പ്രസ്തുത കത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ അന്താരാഷ്ട്രപദവിയുള്ള എയർപോർട്ടുകൾ ഏതെല്ലാമാണ്; ഓരോ എയർപോർട്ടിനും അന്താരാഷ്ട്ര പദവി ലഭിച്ചത് ഏത് കാലഘട്ടത്തിലായിരുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 10-11-2014-ലെ കത്തിന് മറുപടിയായി സിയാലിനെ വ്യോമയാന. ഹബ്ബിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം, കോഴിക്കോട്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് എന്നീ എയർപോർട്ടുകൾക്കാണ് അന്താരാഷ്ട്ര പദവിയുള്ളത്. ഇതിൽ തിരുവനന്തപുരത്തിന് 1-4-1991-ലും കോഴിക്കോടിന് 16-2-2006-ലും സിയാലിന് 23-5-2000-ലുമാണ് അന്താരാഷ്ട്ര പദവി ലഭിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly